ഉത്തരം

(എ) വിവിധ ക്ഷേമ പദ്ധതികളനുസരിച്ചുള്ള വിതരണം ചെയ്യേണ്ട പെൻഷനുകളിൽ ചിലതിൽ കുടിശ്ശിക വന്നിട്ടുണ്ട്.

(ബി) കുടിശ്ശികയുള്ള പെൻഷനുകൾ കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം കുടിശ്ശികയുള്ള പെൻഷനുകൾ താഴെ പറയുന്നവയാണ്:

(1) കർഷകത്തൊഴിലാളി പെൻഷൻ — 22 മാസം.
(2) ചുരുട്ടു തൊഴിലാളി പെൻഷൻ — 5 മാസം.

(ഡി) വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിലേക്ക് ആവശ്യമായി വരുന്ന തുക ഇപ്രകാരമാണ്:

(1) കർഷകത്തൊഴിലാളി പെൻഷൻ — 14774.40 ലക്ഷം രൂപ
(2) ചുരുട്ടു തൊഴിലാളി പെൻഷൻ — 2.15 ലക്ഷം രൂപ

(ഇ) ചുരുട്ടു തൊഴിലാളി പെൻഷൻ കുടിശ്ശികയില്ലാതെ വിതരണം ചെയ്യാൻ ആവശ്യമായ തുക നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷകതൊഴിലാളി പെൻഷൻ കുടിശ്ശിക സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൊടുത്ത് തീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

അന്യ സംസ്ഥാനത്തെ ലോട്ടറികളുടെയും ഓൺലൈൻ ലോട്ടറികളുടെയും വിൽപ്പന

40 [497] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറികളും ഓൺലൈൻ ലോട്ടറികളും വിൽപ്പന നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ലോട്ടറികൾ വിൽക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ;

(ബി) അന്യ സംസ്ഥാന ലോട്ടറികളും ഓൺലൈൻ ലോട്ടറികളും സംസ്ഥാനത്ത് വിൽപ്പന നടത്തിയ ഇനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ സർക്കാരിന് നാളിതുവരെ എത്ര രൂപ നികുതിയിനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അനധികൃതമായി അന്യ സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് 2005-06 സാമ്പത്തിക വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ അന്യ സംസ്ഥാന പേപ്പർ ലോട്ടറികൾ വിൽപ്പന നടത്തുന്നുണ്ട്. ഇതിൽ നികുതി അടച്ചവർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓൺലൈൻ ലോട്ടറി സംസ്ഥാനത്ത് ഇപ്പോൾ നടക്കുന്നില്ല.

(ബി) അന്യ സംസ്ഥാന പേപ്പർ ലോട്ടറികളിൽ നിന്ന് ഈ സാമ്പത്തിക വർഷം, ജനുവരി വരെ 36.99 കോടി രൂപ നികുതിയിനത്തിൽ ലഭിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

സംസ്ഥാനത്തെ ലോട്ടറികളുടെ സമ്മാനത്തുക

41 [498] ശ്രീ. പി. കെ. അബ്ദു റബ്ബ്:
" നാലകത്ത് സൂപ്പി:
" ചെർക്കളം അബ്ദുള്ള:
" ഇസ്ഹാക് കുരിക്കൾ:
" സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി നടത്തിപ്പിൽ സർക്കാരിന് ഈ വർഷം എന്ത് ലാഭം ഉണ്ടായി;

(ബി) സമ്മാനത്തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ബമ്പർ സമ്മാനത്തുകകൾ നൽകുന്ന ഭാഗ്യക്കുറികൾ മാസത്തിൽ ഒന്ന് വീതം നടത്തുന്നതിന് ആലോചനയുണ്ടോ;

(ഡി) ഇല്ലെങ്കിൽ അത് നടത്തുന്നതിനെപ്പറ്റി ആലോചിക്കുമോ?

ഉത്തരം

(എ) 10-5-2005 മുതൽ 31-12-2005 വരെ 32.48 കോടി രൂപ ലാഭം ഉണ്ടായി. കൂടാതെ നികുതി ഇനത്തിൽ 32.34 കോടി രൂപയും വരവുണ്ട്.

(ബി) ബമ്പർ ലോട്ടറികളുടെ സമ്മാനത്തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) കേന്ദ്ര സർക്കാരിന്റെ ലോട്ടറീസ് (റഗുലേഷൻ) ആക്ട് 1998 (ആക്ട് ഓഫ് 1998) ഖണ്ഡിക 4 (ജെ) പ്രകാരം ഒരു വർഷത്തിൽ ആറ് ബമ്പർ ലോട്ടറികളിൽ കൂടുതൽ നടത്താൻ സാദ്ധ്യമല്ല. ആയതിനാൽ ഇക്കാര്യം ആലോചിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly